ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# REGIONAL BULLETIN

**DATE: 14.03.2025** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1). കടൽ മണൽ ഖനന വിഷയത്തിൽ മത്സ്യ തൊഴിലാളികളുമായി ചർച്ച നടത്തുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

2) ലോക്സഭാ മണ്ഡലങ്ങൾ പുനർനിർണയിക്കുന്നതിനെതിരായ ഐക്യദാർഢ്യ സമ്മേളനത്തിലേക്ക് മുഖ്യമന്ത്രി പിണറായി വിജയനെ ക്ഷണിച്ച് തമിഴ്നാട് സർക്കാർ.

3) കളമശ്ശേരി പോളിടെക്നിക്കിൽ നിന്ന് കഞ്ചാവ് പിടികൂടിയ സംഭവത്തിൽ മൂന്ന് വിദ്യാർത്ഥികളെ സസ്പെൻഡ് ചെയ്തു. സംഭവത്തിൽ കർശന നടപടിയുണ്ടാവുമെന്ന് മന്ത്രി എം.ബി രാജേഷ്.

4) മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട തുറന്നു. പുതിയ ദർശന രീതിയുടെ ട്രയൽ റണ്ണിന് സന്നിധാനത്ത് തുടക്കം.

5) സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

*************************************************************

**ജോർജ് കുര്യൻ കോഴിക്കോട്**

മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിച്ച് മാത്രമായിരിക്കും സംസ്ഥാനത്ത് കടൽ മണൽ ഖനനം നടപ്പാക്കുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. വിഷയത്തിൽ മത്സ്യ തൊഴിലാളികളുമായി ചർച്ച നടത്തുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു. വികസനം മനുഷ്യരാശിയുടെ ആവശ്യമാണെന്നും ഇന്ത്യയെ വികസിത രാഷ്ട്രമാക്കാനാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ലക്ഷ്യമിടുന്നതെന്നും ശ്രീ ജോർജ് കുര്യൻ വ്യക്തമാക്കി. കേരളം വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ മുന്നിലാണെന്നും ചേവരമ്പലം ആരോഗ്യ കേന്ദ്രത്തിൻറെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് മന്ത്രി പറഞ്ഞു. വികസനം മനുഷ്യരാശിയുടെ ആവശ്യമാണെന്നും വരുംതലമുറയുടെ മുന്നോട്ട് പോക്കിന് ഇത് അനിവാര്യമാണെന്നും മന്ത്രി വ്യക്തമാക്കി.

**************************************************************

**മണ്ഡലപുനർനിർണ്ണയം**

ലോക്സഭാ മണ്ഡലങ്ങൾ പുനർനിർണയിക്കാനുള്ള കേന്ദ്ര നീക്കങ്ങൾക്കെതിരെ ചെന്നൈയിൽ ഈ മാസം 22-ന് വിളിച്ചു ചേർക്കുന്ന ഐക്യദാർഢ്യ സമ്മേളനത്തിലേക്ക് മുഖ്യമന്ത്രി പിണറായി വിജയനെ ക്ഷണിച്ച് തമിഴ്നാട് സർക്കാർ. തമിഴ്നാട് ഐ.ടി മന്ത്രി പളനിവേൽ ത്യാഗരാജൻ, തമിഴച്ചി തങ്ക പാണ്ഡ്യൻ എം പി എന്നിവർ നേരിട്ട് എത്തിയാണ് മുഖ്യമന്ത്രിയെ ക്ഷണിച്ചത്. ചെന്നൈയിൽ നടക്കുന്ന സമ്മേളനത്തോടും, വിഷയത്തിൽ സ്വീകരിക്കുന്ന നിലപാടിനോടുമുള്ള ഐക്യദാർഢ്യം മുഖ്യമന്ത്രി അറിയിച്ചു.

**************************************************************

**കളമശ്ശേരി**

കളമശ്ശേരി ഗവൺമെൻറ് പോളിടെക്നിക് കോളേജിലെ ആൺകുട്ടികളുടെ ഹോസ്റ്റലിൽ നിന്ന് രണ്ട് കിലോയോളം കഞ്ചാവ് പിടികൂടിയ സംഭവത്തിൽ ആകാശ് എന്ന വിദ്യാർത്ഥിയെ 14 ദിവസത്തേക്ക് റിമാൻഡ് ചെയ്തു. ആകാശിന് പുറമേ അഭിരാജ്, ആദിത്യൻ എന്നീ വിദ്യാർത്ഥികളെക്കൂടി അറസ്റ്റ് ചെയ്തിരുന്നെങ്കിലും

ഇവരെ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചിരുന്നു. ഇവരെ വീണ്ടും ചോദ്യം ചെയ്യേക്കും. മൂന്ന് വിദ്യാർത്ഥികളെയും കോളേജിൽ നിന്ന് സസ്പെൻഡ് ചെയ്തു. സംഭവം അന്വേഷിക്കാൻ നാലംഗ അധ്യാപക സമിതിയെയും നിയോഗിച്ചിട്ടുണ്ട്.

**************************************************************

**<u>വി ഡി സതീശൻ</u>**

കളമശേരി പോളിടെക്നിക്കിലെ കഞ്ചാവുവേട്ടയിൽ പിടിയിലായ വിദ്യാർത്ഥികൾ ഏത് സംഘടനയിൽ ഉൾപ്പെട്ടവരാണെന്ന കാര്യം സർക്കാരിനും, എക്സൈസ് വകുപ്പിനും വിഷയമല്ലെന്ന് മന്ത്രി എം.ബി രാജേഷ്. ഒരു തരത്തിലുമുള്ള ഇളവും ഇക്കാര്യത്തിൽ ഉണ്ടാവില്ലെന്നും അദ്ദേഹം പറഞ്ഞു. സംഭവത്തിൽ കർശന നടപടിയുണ്ടാവുമെന്നും, കോളേജുകളും ഹോസ്റ്റലുകളും കേന്ദ്രീകരിച്ച് പ്രത്യേക പരിശോധന നടത്തുമെന്നും മന്ത്രി പി.രാജീവ് വ്യക്തമാക്കി. കളമശ്ശേരിയിൽ പിടിയിലായത് എസ്.എഫ്.ഐ നേതാക്കളാണെന്നും ഇതിനെതിരെ സി.പി.എമ്മും സർക്കാരും കർശന നടപടി സ്വീകരിക്കണമെന്നും പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

**************************************************************

**<u>ആർ ബിന്ദു ലഹരി - (ഇൻട്രോ)</u>**

ലഹരിക്കെതിരെ സംസ്ഥാനത്ത് ജന ജാഗ്രത സദസ്സുകൾ സംഘടിപ്പിക്കുമെന്ന് മന്ത്രി ആർ ബിന്ദു. നാഷണൽ സർവീസ് സ്കീമിൻറെ നേതൃത്വത്തിൽ ലൈഫ് ഈസ് ബ്യൂട്ടിഫുൾ എന്ന പേരിലാണ് ഈ മാസം 17 മുതൽ 25 വരെ പ്രത്യേക ക്യാമ്പയിന് തുടക്കം കുറിക്കുന്നത്. മൂന്നര ലക്ഷം എൻ.എസ്.എസ് പ്രവർത്തകർ ക്യാമ്പയിൻറെ ഭാഗമാകും.

**<u>(ഹോൾഡ് ഫോർ ബൈറ്റ്................)</u>**

**************************************************************

**<u>കെ.എൻ ബാലഗോപാൽ-നെല്ല് സംഭരണം</u>**

കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിൻറെ സബ്സിഡിയായി **<u>352.5 കോടി</u>** രൂപ അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. നെല്ല് സംഭരണ ചുമതലയുള്ള സംസ്ഥാന സിവിൽ സപ്ലൈസ് കോർപറേഷനാണ് തുക അനുവദിച്ചത്. ഈ വർഷം നേരത്തെ രണ്ടു തവണയായി 225 കോടി രൂപയും ഈയിനത്തിൽ അനുവദിച്ചിരുന്നു.

****************************************************

**<u>മന്ത്രി ജെ ചിഞ്ചുറാണി</u>**

സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് സാമ്പത്തിക പിന്തുണ ഉറപ്പാക്കാൻ കേരളബാങ്കുമായി ചേർന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ജെ. ചിഞ്ചുറാണി. ഫോക്കസ് ബ്ലോക്ക് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ക്ഷീരകർഷക അവാർഡ് വിതരണവും തൊടുപുഴയിൽ നിർവഹിക്കുക യായിരുന്നു മന്ത്രി. പാലുത്പാദനത്തിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് നടപ്പാക്കുന്ന ഫോക്കസ് ബ്ലോക്ക് പദ്ധതിയുടെ ആദ്യഘട്ടത്തിൽ 50 ബ്ലോക്ക് പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ക്ഷീര സഹകാരി പുരസ്കാരം തിരുവനന്തപുരം വെങ്ങാനൂർ സ്വദേശി സജു ജെ.എസ് ചടങ്ങിൽ ഏറ്റുവാങ്ങി. മേഖലാതല പുരസ്കാരങ്ങളും മന്ത്രി വിതരണം ചെയ്തു.

****************************************************

**<u>ബ്രേക്ക്..........</u>**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

****************************************************

**<u>ശബരിമല</u>**

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്രനട തുറന്നു. ഇന്ന് പൂജകളൊന്നും തന്നെയില്ല. മീനം ഒന്നായ നാളെ, രാവിലെ അഞ്ച് മണിക്കാണ് നട തുറക്കുക. മേൽപ്പാലം ഒഴിവാക്കിയുള്ള പുതിയ ദർശന രീതിയുടെ ട്രയൽ റൺ സന്നിധാനത്ത് ആരംഭിച്ചു. കൊടിമരത്തിന്റെ ഇരുവശവും വഴി, രണ്ടു വരികളായി ഭക്തരെ കടത്തിവിട്ട് ബലിക്കൽപുര

വഴി ശ്രീ കോവിലിന് മുന്നിൽ പ്രവേശിക്കും വിധമാണ് പുതിയ ദർശന രീതി. തീർഥാടകർക്ക് അയ്യപ്പദർശനസമയം 20 മുതൽ 30 സെക്കൻ്റുവരെ ഇതിലൂടെ കൂടുതലായി ലഭിക്കും.
വിഷുവിനു നടതുറക്കുന്ന സമയവും ഈ രീതി പരീക്ഷിക്കും.

**************************************************

**<u>കോഴിക്കോട് ഹോളി -(ഇൻട്രോ)</u>**

വർണങ്ങളുടെ ഉത്സവമായ ഹോളി വിപുലമായ ആഘോഷിച്ച് രാജ്യം. തിന്മയുടെ മേൽ നന്മ നേടിയ വിജയത്തിന്റെ ആഘോഷമായ ഹോളി വസന്തത്തിൻറെ വരവറിയിക്കുന്ന ഉത്സവം കൂടിയാണ്. വർണങ്ങൾ വിതറിയും മധുരം പങ്കിട്ടും ഹോളി ആഘോഷിക്കുകയാണ് കേരളത്തിലെ ഉത്തരേന്ത്യൻ സമൂഹവും. കോഴിക്കോട് ഗുജറാത്തി സ്ട്രീറ്റ്, നട്ട് സ്ട്രീറ്റ്, അതിഥി തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പുകൾ എന്നിവ കേന്ദ്രീകരിച്ച് വലിയരീതിയിലുള്ള ആഘോഷങ്ങളാണ് നടന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു....**
**(വോയിസ്.......)**

**************************************************

**<u>കനത്ത ചൂട് - വീണാ ജോർജ്</u>**

സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവരും ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണമെന്നും മന്ത്രി നിർദേശിച്ചു. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലുമായി ക്രമീകരിക്കണം. കടുത്ത ചൂട് തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ 10 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. പാലക്കാട്, തൃശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഇന്നും നാളെയും താപനില 37 ഡിഗ്രി സെൽഷ്യസ് വരെ ഉയരാൻ സാധ്യതയുണ്ട്.

*************************************************************

**<u>കണ്ണൂർ കുടിവെള്ളം - (ഇൻട്രോ)</u>**

കടുത്ത വേനലിൽ നീരുറവകൾ വറ്റിയതോടെ കണ്ണൂർ കണ്ണവം വനത്തിൽ വന്യജീവികൾക്ക് പ്രകൃതിദത്ത തടയണകൾ നിർമ്മിച്ച് കുടിവെള്ളം ഒരുക്കുകയാണ് വനംവകുപ്പ്.

**വിശദാംശങ്ങളുമായി ആകാശവാണി**

**കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ ....**

**(വോയിസ്..........)**

*************************************************************

**<u>പാലക്കാട് - മയക്കുമരുന്ന്</u>**

മാരക മയക്കുമരുന്നായ മെത്താഫെറ്റമിനുമായി പാലക്കാട് രണ്ട് യുവാക്കൾ പിടിയിലായി. മൂവാറ്റുപുഴ സ്വദേശി രാജേഷ്, കോവളം സ്വദേശി അജിത് എന്നിവരെയാണ് 28 ഗ്രാം മെത്താംഫിറ്റമിനുമായി പോലീസ് പിടികൂടിയത്.

*************************************************************

**<u>വനിതാ പ്രീമിയർ ലീഗ്</u>**

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ നാളെ മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. തുടർച്ചയായ മൂന്നാം ഫൈനലിനാണ് ഡൽഹി നാളെ കളിക്കളത്തിൽ ഇറങ്ങുന്നത്. രണ്ടാം കിരീട നേട്ടമാണ് ഹർമൻ പ്രീത് കൗർ നേതൃത്വം നൽകുന്ന മുംബൈ ഇന്ത്യൻസിൻറെ ലക്ഷ്യം.

*************************************************************

**<u>അഗ്നിവീർ</u>**

ഇന്ത്യൻ കരസേനയിലേക്കുള്ള അഗ്നിവീർ തിരഞ്ഞെടുപ്പിനായി ഓൺലൈൻ രജിസ്ട്രേഷൻ പുരോഗമിക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളിലെ പുരുഷ ഉദ്യോഗാർത്ഥികൾക്ക് അടുത്ത മാസം 10 വരെ അപേക്ഷിക്കാം. 10, 12 ക്ലാസ് ബോർഡ് പരീക്ഷകളിൽ പങ്കെടുത്ത്

ഫലപ്രഖ്യാപനത്തിനായി കാത്തിരിക്കുന്നവർക്കും രജിസ്ട്രേഷനിൽ പങ്കെടുക്കാവുന്നതാണ്.

*****************************************************

**<u>പാലക്കാട് - കാട്ടാനക്കൂട്ടം</u>**

പാലക്കാട് കഞ്ചിക്കോട് അസീസി സ്കൂൾ വളപ്പിൽ ഇറങ്ങിയ കാട്ടാനകൾ, തെങ്ങും വാഴകളും നശിപ്പിച്ചു. ദേശീയപാതയോട് ചേർന്നുള്ള സ്കൂളിൽ ഇന്നലെ അർദ്ധരാത്രി എത്തിയ കാട്ടാനകളാണ് ഭീതി പരത്തി വ്യാപകനാശം ഉണ്ടാക്കിയത്.

*****************************************************

**<u>കണ്ണൂർ-അധികൃതരെ തടഞ്ഞു</u>**

നിർദിഷ്ട ദേശീയപാത 66- ൽ കണ്ണൂർ പാപ്പിനിശ്ശേരി വേണാപുരത്ത് അനുവദിച്ച അടിപ്പാത നിർമ്മാണത്തിനായി റോഡ് അടയാളപ്പെടുത്താൻ എത്തിയ അധികൃതരെ കർമ്മസമിതി തടഞ്ഞു. അടിപ്പാതയുടെ വലിപ്പം കുറവാണെന്ന് ആരോപിച്ച് ഇത് രണ്ടാംതവണയാണ് ഉദ്യോഗസ്ഥരെ തടയുന്നത്. ഇരുകൂട്ടരെയും നാളെ വളപട്ടണം സ്റ്റേഷനിലേക്ക് വിളിപ്പിച്ചിട്ടുണ്ട്.

*****************

*******************************

*****************************************************